# Desabhimani

## 31 August 2018

## Thiruvananthapuram, Flood Relief Fund, Navy

# നാവികസേന 8.92 കോടി നൽകി



8.92 കോടി രൂപയുടെ ചെക്ക് നാവികസേനാ മേധാവി അഡ്മിറൽ സുനിൽ ലൻബ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

**തിരുവനന്തപുരം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നാവികസേന 8.92 കോടി രൂപ കൈമാറി. നാവികസേനാ മേധാവി അഡ്മിറൽ സുനിൽ ലൻബ മുഖ്യമന്ത്രി പിണറായി വിജയന് ചെക്ക് കൈമാറി. റിലയൻസ് ഫൗണ്ടേഷൻ 21 കോടി രൂപ നൽകി. ചെയർപേഴ്സൺ നിതാ അംബാനി ചെക്ക് മുഖ്യമന്ത്രിക്ക് കൈമാറി.

ജനാധിപത്യ മഹിളാ അസോസിയേഷൻ നാലു ജില്ലകളിൽ നിന്ന് സമാഹരിച്ച 15 ലക്ഷം രൂപ മുഖ്യമന്ത്രിക്ക് നൽകി. എൻസിപി ദേശീയ നേതൃത്വം നൽകിയ ഒരുകോടി രൂപയുടെ ചെക്ക് സംസ്ഥാന പ്രസിഡന്റ് തോമസ് ചാണ്ടി മുഖ്യമന്ത്രിക്ക് കൈമാറി.

കേരള സ്റ്റേറ്റ് ആശ വർക്കേഴ്സ് ഫെഡറേഷൻ സിഐടിയു ആദ്യഗഡുവായ നാലുലക്ഷം രൂപ ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി പി പ്രേമ, ജനറൽ സെക്രട്ടറി എൽ ഗീത, ട്രഷറർ എം ബി പ്രഭാവതി എന്നിവർ ചേർന്ന് മുഖ്യമന്ത്രിക്ക് കൈമാറി

ഡെപ്യൂട്ടി സ്പീക്കർ വി ശശി ഒരുമാസത്തെ ശമ്പളം നൽകി. പരിവർത്തിത ക്രൈസ്തവ ശുപാർശിതവിഭാഗ വികസന കോർപറേഷനും ജീവനക്കാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പത്തുലക്ഷം രൂപ നൽകി. ജീവനക്കാരുടെ വിഹിതത്തിന്റെ ആദ്യഗഡുവായ 56,500 രൂപയുടെ ചെക്കും കൈമാറി. മന്ത്രി എ കെ ബാലൻ കോർപറേഷൻ ചെയർമാൻ മത്തായി ചാക്കോയിൽനിന്ന് ചെക്ക് ഏറ്റുവാങ്ങി.

കേരള കോൺഗ്രസ് എംപിമാരുടെയും എംഎൽഎമാരുടെയും ഒരുമാസത്തെ ശമ്പളം ചെയർമാൻ കെ എം മാണി കൈമാറി.

ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ബ്ലൂക്രോസ് ലാബ്സ് 20 ലക്ഷം രൂപ മുഖ്യമന്ത്രിക്ക് കൈമാറി.

കെഎംസി കൺസ്ട്രക്ഷൻസ് ഒരുകോടി രൂപ നൽകി. എംഡി ഗൗതം ചെക്ക് കൈമാറി. കേള നദ്‌വത്തുൽ മുജാഹിദീൻ 50 ലക്ഷം രൂപ നൽകി. ലാസ്സാ ഐസ്ക്രീം കമ്പനിയുടെ 25 ലക്ഷം രൂപ ഡയറക്ടർ ജോസഫ് സൈമൺ കൈമാറി.

**ഒപ്പമുണ്ട്**